# *മനോരമ*യുടെ 'എക്സ്ക്ലൂസീവ്'!

**സി.** ദാവൂദിന്റെ 'പ്രണയത്തിനെതിരെ ജിഹാദ് വിളിക്കുന്നവര്‍' വായിച്ചു. അതിന് മുമ്പ് *മലയാള മനോരമ*യില്‍ വന്ന സ്വന്തം ലേഖകന്റെ 'എക്സ്ക്ലൂസീവും' വായിച്ചിരുന്നു. കേരള പോലീസിനെ വെല്ലുവിളിച്ചുകൊണ്ടാണ് ലേഖകന്റെ കണ്ടെത്തലുകള്‍. ഇസ്‌ലാം എന്ന് കേള്‍ക്കുമ്പോഴേക്ക് തീവ്രവാദം എന്നെഴുതുന്ന അവരുടെ തൂലികക്ക് അറിയാതെ പോയ ചില പാഠങ്ങളുണ്ട്. *മനോരമ* ലേഖകന്‍ കണ്ടെത്തി എന്ന് പറയുന്ന കാണാതായ 4000 പെണ്‍കുട്ടികളെക്കുറിച്ച് അവരുടെ മാതാപിതാക്കളോ ബന്ധപ്പെട്ടവരോ നാളിതുവരെ പരാതിപ്പെട്ടിട്ടില്ല. മാത്രമല്ല എന്തും ഏതും വാര്‍ത്തയാക്കുന്ന *മനോരമ*യോ മറ്റ് വാര്‍ത്താ ചാനലുകളോ അവരെ കണ്ടെത്തി പ്രദര്‍ശിപ്പിച്ചിട്ടുമില്ല. ബാംഗ്ലൂരിലും മറ്റും നഴ്സിംഗ് പഠനത്തിന് പോകുന്ന പെണ്‍കുട്ടികളെ മുസ്‌ലിം ചെറുപ്പക്കാര്‍ വലവീശി അവരുടെ ജീവിതം പര്‍ദക്കുള്ളിലാക്കുന്നു എന്നാണ് ലേഖകന്റെ മറ്റൊരു കണ്ടെത്തല്‍.

കേരളത്തിലെ റെയില്‍വെ സ്റ്റേഷനുകളില്‍ സ്കൂള്‍ വെക്കേഷന്‍ സമയത്ത് ഒരു നിത്യകാഴ്ചയുണ്ട്. നഴ്സിംഗ് പഠനത്തിന് ബാംഗ്ലൂരിലേക്കും മറ്റും പോയവര്‍ അവധിക്കായി തിരിച്ചു വരുന്ന കാഴ്ച. നാട്ടില്‍ മാന്യമായി വസ്ത്രധാരണം ചെയ്തിരുന്ന പെണ്‍കുട്ടികള്‍ നഗരജീവിതത്തിലെ ഫാഷനും നാട്ടിലേക്ക് കൊണ്ടുവരുന്നു. മകളെ കൂട്ടാന്‍ കാത്തുനില്‍ക്കുന്ന നാട്ടുംപുറത്തുകാരായ മാതാപിതാക്കളുടെ തൊലിയുരിയുന്ന ഈ വസ്ത്രധാരണം കാണാതെ പോകുന്നതിനാലാണോ ലേഖകന്റെ വിഷമം എന്നറിയില്ല. പിതാവ് മകളോട് ചോദിക്കുന്ന ആദ്യത്തെ ചോദ്യം 'സുഖമല്ലേ മോളേ' എന്നല്ല, 'നിനക്ക് വേറെ ഡ്രസ്സൊന്നും കിട്ടിയില്ലേ മോളേ' എന്നാണ്. ലേഖകന്‍ ആഗ്രഹിക്കുന്ന സംസ്കാരം ഇതാണെങ്കില്‍ ഇന്നതിന് വേറെയും സാധ്യതകളുണ്ട്. ഇസ്‌ലാമിനെ ഇതിലേക്കൊന്നും വലിച്ചിഴക്കരുത്.

കള്ളന് രക്ഷപ്പെടാനുള്ള ഫലപ്രദമായ മാര്‍ഗം 'ഇതാ കള്ളന്‍ വരുന്നു' എന്നു പറഞ്ഞ് മുമ്പില്‍ ഓടുകയാണ് (എം.എന്‍ വിജയന്‍). ലൗ ജിഹാദിന് ഇതില്‍പരം നല്ലൊരു തലക്കെട്ട് കിട്ടാനില്ല. 2006-08 കാലത്ത് ഞാന്‍ മലപ്പുറത്ത് പഠനാവശ്യാര്‍ഥം താമസിക്കേണ്ടി വന്നു. അവിടെ ധാരാളം സുഹൃദ് ബന്ധങ്ങളുമുണ്ട്. 2007 ജൂലൈ മാസത്തിന് ശേഷം ചില സുഹൃത്തുക്കള്‍ അയച്ച മെസ്സേജിന്റെ സാരാംശം ഇങ്ങനെയായിരുന്നു: "കാമ്പസുകളില്‍ ആര്‍.എസ്.എസിന്റെ നേതൃത്വത്തില്‍ മുസ്‌ലിം പെണ്‍കുട്ടികളെ പ്രണയം നടിച്ച് ചതിക്കുഴിയിലകപ്പെടുത്താന്‍ ഒരു വിംഗ് പ്രവര്‍ത്തിക്കുന്നു!" അന്നതിന് അത്ര പ്രാധാന്യം കൊടുത്തിരുന്നില്ല. സംഘ്ശക്തികള്‍ ഇതിലപ്പുറവും ചെയ്യുമെന്ന് ഇന്ന് തിരിച്ചറിയുന്നു. ലൗ ജിഹാദിനെതിരെ പോരാടാന്‍ ക്രിസ്തീയ നേതാക്കളെ കൂട്ടുപിടിക്കുകയാണ്. സ്വന്തം കാല്‍ചുവട്ടിലെ മണ്ണ് ചോരുമ്പോള്‍, ഇതല്ല ഇതിനപ്പുറമുള്ള ചെപ്പടി വിദ്യകളുമായി അവര്‍ വരും. അതിനെതിരെ അവരെ പ്രകോപിതരാക്കിക്കൊണ്ടല്ല മറുപടി പറയേണ്ടത്. സംഘ് ശക്തികളുടെ വരാനിരിക്കുന്ന നിലപാടുകള്‍ ഒരു പക്ഷേ ഭീകരമായിരിക്കാം. ആജന്മ ശത്രുക്കളായ മുസ്‌ലിംകളെ പീഡിപ്പിച്ചും പേടിപ്പിച്ചും ഇല്ലാതാക്കുക എന്നതിലുപരി, മുസ്‌ലിംകളല്ലാത്ത ന്യൂനപക്ഷങ്ങളുമായി കൂട്ടുകൂടി ന്യൂനപക്ഷങ്ങളെ ഇല്ലാതാക്കുക എന്ന നയം പ്രാവര്‍ത്തികമാക്കാനുള്ള ഒരു മറ കൂടിയാണ് ലൗ ജിഹാദ്. എത്ര ചീഞ്ഞതും തൊണ്ട തൊടാതെ വിഴുങ്ങാന്‍ പാകത്തിലാക്കുന്ന മാധ്യമങ്ങള്‍

ഒന്നോർക്കുക, ഇരുട്ട് എത്രതന്നെ കനത്തതായിരുന്നാലും ഒരു തീപ്പെട്ടി കൊള്ളി യുടെ വെളിച്ചം മതി ആ ഇരുളിനെ ഇല്ലാതാക്കാൻ!

**ടി.വി രതീഷ് ചീന്തലാർ**

# *ജന്മഭൂമിയെയും പുണ്യഭൂമിയെയും* തോൽപിച്ച്

***മാതൃഭൂമി*** പത്രത്തിന്റെ 'ആക്ഷേപങ്ങളും അഭിപ്രായങ്ങളും' കോളത്തെപ്പറ്റി സി. ദാവൂദിന്റെ നിരീക്ഷണം (ലക്കം: 21) സ്ഥിരമായി ആ കോളം വായിക്കുന്ന ഏതൊ രാൾക്കും ബോധ്യപ്പെടുന്ന വസ്തുതയാണ്. പത്രാധിപർ ബോധപൂർവം വായനക്കാ രിലേക്ക് കടത്തിവിടുന്ന ചില ആശയങ്ങൾ കണ്ടാൽ ഇത് 'സത്യം, സമത്വം, സ്വാതന്ത്ര്യം' എന്ന് അവകാശപ്പെടുന്ന പത്രമാണോ എന്ന് ശങ്കിച്ചുപോകും.

ആശയപരമായ ചായ്‌വ് പത്രങ്ങൾക്കുണ്ടാവാം. എന്നാൽ ചില നിക്ഷിപ്ത താൽപ ര്യങ്ങൾക്കു വേണ്ടി വായനക്കാരന്റെ സാമാന്യബുദ്ധിയെപോലും കൊഞ്ഞനംകുത്തു ന്ന തരം താണ രീതികളാണ് ചില പത്രാധിപന്മാർ പുറത്തെടുക്കുന്നത്. മദ്റസാ അധ്യാപകർക്ക് ക്ഷേമനിധി പ്രഖ്യാപിച്ച കേരള ഗവൺമെന്റിനെ വിമർശിച്ചുകൊണ്ട് ഏകപക്ഷീയമായ നിരവധി കത്തുകളാണ് *മാതൃഭൂമി*യിൽ വന്നത്. ക്ഷേമനിധിയിലെ രാഷ്ട്രീയമോ ഗവൺമെന്റ് അതിനായി സ്വീകരിച്ച രീതിയോ വിശകലന വിധേയമാ ക്കാതെ സാമുദായിക പ്രീണനമെന്ന രീതിയിൽ വന്ന കത്തുകൾ വിഷം വമിക്കുന്ന തരത്തിലായിരുന്നു. കാര്യങ്ങളുടെ രണ്ടുവശങ്ങളും വായനക്കാർക്ക് കാണിച്ചു കൊടുക്കാതെ അന്തഃസാര ശൂന്യമായി കോളം കൈകാര്യം ചെയ്യുന്നത് *മാതൃഭൂമി* പോലെ ഉന്നതപാരമ്പര്യം അവകാശപ്പെടുന്ന പത്രത്തിന് ഭൂഷണമാണോ? കുമ്മനം രാജശേഖരന്റെ നാവാകാൻ *മാതൃഭൂമി*യുള്ളതുകൊണ്ടാണ് *ജന്മഭൂമി*യും *പുണ്യ ഭൂമി*യുമൊന്നും ക്ലച്ച് പിടിക്കാത്തത്! സത്യസന്ധമായ പത്രപ്രവർത്തനത്തിലൂടെ മാനു ഷിക മൂല്യങ്ങൾക്ക് വേണ്ടി നിലനിന്ന *മാതൃഭൂമി* അതിന്റെ അന്തസ്സും വിശ്വാസ്യ തയും പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ തയാറാകണം.

**അബൂ അഫ്നാൻ കവ്വായി ഒമാൻ**

# അറയ്ക്കൽ ബീവിയും.......

**ഒരു** മതത്തെയും അതിലെ പവിത്രമായ 'ജിഹാദി'നെയും നരഭോജികൾ വേട്ടയാ ടാൻ തുടങ്ങിയിട്ട് കാലമേറെയായി. ജിഹാദിനെ പ്രണയത്തോട് കണക്ട് ചെയ്ത് 'ലൗ ജിഹാദ്' എന്നൊരു സങ്കര സൃഷ്ടി ഉണ്ടാക്കി. പത്ര ദൃശ്യ മാധ്യമങ്ങൾക്ക് ചാക രയൊരുക്കിയ സംഘ്പരിവാറിന്റെ കഴിവ് അപാരം തന്നെ. ഇന്നത്തെ തലമുറ അന്ധ മായി പ്രണയിച്ച് ഊരാക്കുടുക്കിൽ ചാടുന്നുണ്ട്. എല്ലാ മതവിഭാഗക്കാരുമിതിൽ പെടു ന്നുണ്ടെങ്കിലും ഇസ്‌ലാമോഫോബിയ പിടിപെട്ട ഒരു കൂട്ടർ ഇതിനെയും ഇസ്‌ലാമി നെതിരെയുള്ള തുറുപ്പു ചീട്ടാക്കുന്നു. കമലാ സുറയ്യയെപോലും ഇതിലേക്ക് വലി ച്ചിഴച്ചവർ അറയ്ക്കൽ ബീവിയും ലൗ ജിഹാദിന്റെ ഇരയാണെന്നു കണ്ടെത്താതിരി ക്കില്ല.

**കെ.എ സാജിദ അമ്പലപ്പുഴ**

# സെക്യുലർ 'ബുജി'കൾ എന്തേ തുറന്നെഴുതുന്നില്ല?

**മതത്തിന്റെ** സാമൂഹിക ഇടപെടൽ മതേതര സമൂഹത്തിന് അപകടകരമാണെന്നും ഇതിനെ തടയാൻ മതേതരത്വക്കാർ ഉണർന്നെണീക്കണമെന്നുമാണ് ചിലർ ഈയിടെ യായി നിരന്തരം എഴുതിക്കൊണ്ടിരിക്കുന്നത്. മതത്തെ പള്ളിയുടെയും ചർച്ചിന്റെയും

അകത്തളങ്ങളിൽ ഖബറടക്കി അതിന് മുകളിലിരുന്ന് ആശ്വാസം കൊള്ളുന്നവരായിരുന്നു മതേതരന്മാർ. ഖബറടക്കപ്പെട്ടവരുടെ ഉയിർത്തെഴുന്നേൽപ് ആരെയും പേടിപ്പിക്കുമല്ലോ. മതം ആരാധനാ-നേർച്ചകൾക്കപ്പുറം സമൂഹത്തിന് വെളിച്ചമാകേണ്ടതാണ് എന്ന വിശ്വാസികളുടെ തിരിച്ചറിവാണ് സെക്യുലർ ബുജികളുടെ ഭയാശങ്കകൾക്ക് കാരണം.

മതേതരത്വമാണ് ജനാധിപത്യ ഇന്ത്യയുടെ മുഖമുദ്ര എന്ന് നിരന്തരം എഴുതിവിടുന്ന ഇടതുപക്ഷ എഴുത്തുകാരും മൃദുഹിന്ദുത്വം നെഞ്ചിലൊളിപ്പിച്ച് മതേതരത്വത്തിന് അധരസേവ ചെയ്യുന്ന വലതുപക്ഷവും മതേതര ഇന്ത്യയെക്കുറിച്ച് ഒരു വിശകലനം നടത്തുന്നത് നന്നായിരിക്കും.

ഒരു മതത്തിനും പ്രാമുഖ്യം നൽകാതെ എല്ലാ പൗരന്മാരെയും സമന്മാരായി കാണണം എന്നതാണ് നമ്മുടെ മതേതര സങ്കൽപം. എല്ലാവർക്കും സ്വതന്ത്രമായി അഭിപ്രായ പ്രകടനം നടത്താനുള്ള അവസരമുണ്ടാവണം. എന്നാൽ ഈ വിശാലത പേനത്തുമ്പിലല്ലേയുള്ളൂ? ഇടതുപക്ഷത്തിന്റെ പാർട്ടി ഗ്രാമത്തിൽ എന്തുകൊണ്ട് മറ്റു കൊടികൾ പാറിപ്പറക്കാനുള്ള അവകാശം വകവെച്ച് കൊടുക്കുന്നില്ല എന്ന ചോദ്യത്തിനു മുമ്പിൽ പകച്ചുനിൽക്കുന്ന ബുജികളാണ് മതേതരത്വത്തിന്റെ അപ്പോസ്തലന്മാർ. എസ്.എഫ്.ഐ ഭരിക്കുന്ന ക്യാമ്പസുകളിൽ കെ.എസ്.യുക്കാരനും കെ.എസ്.യുക്കാരൻ ഭരിക്കുന്നേടത്ത് എസ്.എഫ്.ഐക്കാരനും എന്തുകൊണ്ടാണ് സ്ഥാനാർഥിയെ നിർത്താൻ കഴിയാത്തത്? പരസ്പരം അറിയാനും മനസ്സിലാക്കാനുമുള്ള എല്ലാ വേദികളും തുടച്ചുമാറ്റുന്നവരാണ് മതേതര ഇന്ത്യയെക്കുറിച്ച് നിരന്തരം വേവലാതിപ്പെടുന്നത്.

മതമായാലും മതേതരമായാലും തിരിച്ചറിവും സഹിഷ്ണുതയും നഷ്ടപ്പെടുന്നേടത്ത് സമൂഹത്തിന്റെ സർഗാത്മകത നഷ്ടമാവുകയാണ്. അത് മനസ്സിലാക്കാനുള്ള സാമാന്യ ബോധമെങ്കിലും സോകോൾഡ് സെക്യുലരിസ്റ്റുകൾക്കുണ്ടായിരുന്നെങ്കിൽ....!

**ഇബ്നു അബ്ദുസ്സത്താർ**
**ആലിയ അറബിക്കോളേജ് കാസർകോഡ്**

## ക്രൂശിക്കേണ്ടത് ഇസ്‌ലാമിനെയല്ല

**ഹിന്ദുത്വ** സംഘടനകൾ പ്രചാരണം നൽകുന്ന ലൗ ജിഹാദിനെ മറ്റു ചില സമുദായ സംഘടനകൾ കൂടി ഏറ്റെടുത്ത് ഇസ്‌ലാമിനെതിരെ പ്രചാരണം കൊഴുപ്പിക്കുകയാണ്. ഒരു യഥാർഥ മുസൽമാൻ അന്യസ്ത്രീകളോട് എങ്ങനെ പെരുമാറണമെന്ന് ഇസ്‌ലാം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. നിങ്ങൾ വ്യഭിചാരത്തിലേക്കടുക്കരുതെന്നും അത് വളരെ മോശമായ പ്രവൃത്തിയാണെന്നുമാണ് ഖുർആൻ പാഠം. അന്യസ്ത്രീയെ നിങ്ങൾ നോക്കുകപോലും ചെയ്യരുത്, ദർശനം പൈശാചികമായ പ്രവണതയാണെന്ന് പ്രവാചക കൽപ്പന.

പെൺകുട്ടികളെ പ്രണയം നടിച്ച് ചതിക്കുഴിയിലകപ്പെടുത്തി ചുവന്ന തെരുവിൽ എത്തിക്കുന്നവരും ഉന്നതന്മാർക്ക് കാഴ്ചവെക്കുന്നവരും ഒക്കെ രാജ്യത്തുടനീളമുണ്ട്. അതിൽ മുസ്‌ലിം പേരുള്ളവരും ഉണ്ടാവാം. അവരാരും ജാതിയും മതവും നോക്കിയല്ല ഈ ചതിക്കുഴികൾ ഒരുക്കുന്നത്.

അത്തരം കൊടുംക്രൂരതകൾ ഏതെങ്കിലും മതത്തിന്റെ തലയിൽ കെട്ടിവെക്കുന്നതിനുപകരം പെൺകുട്ടികൾ ചതിയിൽ അകപ്പെടാതിരിക്കാനുള്ള ഉത്തരവാദിത്വം മത-സമുദായ സംഘടനകൾ ഏറ്റെടുത്ത് സ്വസമുദായത്തിലെ യുവതീ യുവാക്കൾക്കിടയിൽ ബോധവൽക്കരണം നടത്തി അവരിൽ ധാർമിക ചിന്ത വളർത്തിയെടുക്കാനാണ് ശ്രമിക്കേണ്ടത്.

**എം. അശ്റഫ് ഫൈസി കാവനൂർ**